**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1111** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>സ്മാർട്ട് വില്ലേജ് ഓഫീസുകൾ</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. വി. ജോയി

ശ്രീ. കെ. കെ. രാമചന്ദ്രൻ

ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

ശ്രീ. പി. പി. സുമോദ്

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എ. പി. അനിൽ കുമാർ

(റവന്യൂ വകുപ്പ് മന്ത്രി)

**(എ)** പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ നിന്നും വേഗത്തിലും സുതാര്യമായും സേവനങ്ങൾ ലഭ്യമാക്കുവാൻ മുൻ സർക്കാരിന്റെ കാലത്ത് വില്ലേജ് ഓഫീസുകളെ സ്മാർട്ട് വില്ലേജ് ഓഫീസുകളാക്കി നവീകരിച്ച് ജനങ്ങൾക്കായി തുറന്നുനൽകിയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

**<u>മറുപടി:</u>** പൊതുജനങ്ങൾക്ക് വില്ലേജ് ഓഫീസുകളിൽ നിന്നും വേഗത്തിലും സുതാര്യമായും സേവനങ്ങൾ ലഭ്യമാക്കുന്നതിലേക്ക് മുൻ സർക്കാരിന്റെ കാലത്ത് വാർഷിക പദ്ധതിയിലുൾപ്പെടുത്തി 263 വില്ലേജ് ഓഫീസുകളും SASCI പദ്ധതിയിലുൾപ്പെടുത്തി 62 വില്ലേജ് ഓഫീസുകളും ഉൾപ്പെടെ ആകെ 325 വില്ലേജ് ഓഫീസുകൾക്ക് സ്മാർട്ട് വില്ലേജ് ഓഫീസ് കെട്ടിടം നിർമ്മിക്കുന്നതിനും, 6 വില്ലേജ് ഓഫീസുകൾ നവീകരിച്ച് സ്മാർട്ടാക്കുന്നതിനും ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത 331 വില്ലേജ് ഓഫീസുകളിൽ 92 വില്ലേജ് ഓഫീസുകളുടെ നിർമ്മാണം പൂർത്തിയായി പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.

**(ബി)** സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി വഴിയും പ്ലാൻ ഫണ്ട് വഴിയും കഴിഞ്ഞ സർക്കാർ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ വർഷം തിരിച്ച് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ കെട്ടിട നിർമ്മാണത്തിനായി കിഫ്ബി മുഖേന ഫണ്ട് വകയിരുത്തിയിട്ടില്ലാത്തതാണ്. പ്ലാൻ ഫണ്ട് വഴി കഴിഞ്ഞ സർക്കാർ വകയിരുത്തിയ ഫണ്ടിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | വില്ലേജുകളുടെ എണ്ണം | ഓരോ വില്ലേജിനും അനുവദിച്ച തുക | ആകെ തുക (ലക്ഷത്തിൽ) |
|---|---|---|---|
| 2021-22 | 40 | 44 | 1760 |
| 2022-23 | 44 | 50 | 2200 |

| | | | |
|---|---|---|---|
| 2023-24 | 59 | 50 | 2950 |
| 2024-25 | 60 | 45 | 2700 |
| 2025-26 | 60 | 50 | 3000 |

**(സി)** മുൻ സർക്കാരിന്റെ കാലത്ത് റവന്യൂ വകുപ്പിൽ നടപ്പാക്കിയ ഇ - ഓഫീസ് സംവിധാനവും വില്ലേജ് ഓഫീസുകളുടെ ഡിജിറ്റലൈസേഷനും പൊതുജനങ്ങൾക്ക് വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിൽ ലഭ്യമാകുന്നതിന് എത്രമാത്രം സഹായകരമായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

**<u>മറുപടി:</u>** ലാൻഡ് റവന്യൂ കമ്മീഷണറേറ്റ് മുതൽ വില്ലേജ് ഓഫീസ് വരെയുള്ള ഫയൽ നീക്കങ്ങൾ 'ഇ-ഓഫീസ്' സംവിധാനത്തിലേക്ക് മാറിയതോടെ, ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ റവന്യൂ സേവനങ്ങൾ കൂടുതൽ സുതാര്യവും സമയബന്ധിതവുമായി ലഭ്യമാക്കുന്നതിനും ഫയലുകൾ കൃത്യമായി ട്രാക്ക് ചെയ്യുവാനും കഴിയുന്നത് പൊതുജനങ്ങൾക്ക് ഏറെ സഹായകരമായിട്ടുണ്ട്.

ഭൂരേഖകൾ ലഭ്യമാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനും അനുബന്ധ സർക്കാർ സേവനങ്ങൾ സുരക്ഷിതവും സുതാര്യവുമാക്കുന്നതിനായി ഡിജിറ്റൽ സംവിധാനങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രധാന ഭൂരേഖകളായ അടിസ്ഥാന ഭൂനികുതി രജിസ്റ്റർ (BTR), തണ്ടപ്പേർ രജിസ്റ്റർ എന്നിവ പൂർണ്ണമായും ഡിജിറ്റലൈസ് ചെയ്ത് റവന്യൂ ലാൻഡ് ഇൻഫർമേഷൻ സിസ്റ്റം (ReLIS) പോർട്ടൽ വഴി ലഭ്യമാക്കി വരുന്നു. കൂടാതെ, റവന്യൂ, രജിസ്ട്രേഷൻ, സർവേ വകുപ്പുകളുടെ സേവനങ്ങൾ Integrated Land Information Management System (ILIMS) ഏകീകൃതമായി ലഭ്യമാക്കിവരുന്നു. ഡിജിറ്റൽ സർവെ പൂർത്തീകരിച്ച വില്ലേജുകളിലെ ഡിജിറ്റൽ സർവ്വേ രേഖകൾ സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന ഡിജിറ്റൽ സർവെ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച 'എന്റെ ഭൂമി' പോർട്ടലിലും ലഭ്യമാക്കിയിട്ടുണ്ട്. ഇതോടൊപ്പം, ഈ വില്ലേജുകളിലെ ലഭ്യമായ മുൻ സർവെ രേഖകളും, റീസർവെ വില്ലേജുകളിലെ എഫ്.എം.ബി കളും മുൻ സെറ്റിൽമെൻറ് രേഖകളും പൊതുജനങ്ങൾക്ക് ഓൺ ലൈനായി പരിശോധിക്കുന്നതിനും സർക്കാർ നിശ്ചയിച്ചിട്ടുള്ള ഫീസ് അടച്ച് ഡൗൺലോഡ് ചെയ്യുന്നതിനും സൗകര്യം ഒരുക്കിയിട്ടുണ്ട്.

വില്ലേജ് ഓഫീസുകളിൽ നിന്നുള്ള വിവിധ സർട്ടിഫിക്കറ്റുകൾ വേഗത്തിലും സുതാര്യമായും ജനങ്ങളിലെത്തിക്കാൻ 'ഇ-ഡിസ്ട്രിക്ട്' പദ്ധതിയിലൂടെ സാധിക്കുന്നുണ്ട്. ഓഫീസുകളിൽ നേരിട്ട് പോകാതെ തന്നെ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി ലഭിക്കുന്നത് വഴി വില്ലേജ് ഓഫീസുകളിലെ തിരക്ക് ഗണ്യമായി കുറയ്ക്കാനും സമയബന്ധിതമായി സേവനങ്ങൾ നൽകാനും സാധിക്കുന്നു.

കൂടാതെ, ഓഫീസുകളിൽ നേരിട്ട് പോകേണ്ടതില്ല എന്നത് സമയലാഭത്തിനും യാത്രാക്ലേശം ഒഴിവാക്കുന്നതിനും സഹായിക്കുന്നു. അപേക്ഷകളുടെ മുൻഗണനാക്രമം (First-In, First-Out) കൃത്യമായി പാലിക്കുന്നതിനാൽ സേവനങ്ങൾ കൂടുതൽ സുതാര്യമായും പരാതിരഹിതമായും നൽകാൻ സാധിക്കുന്നു.

ഇപ്രകാരം റവന്യൂ വകുപ്പിന്റെ മുഴുവൻ സേവനങ്ങളും സുതാര്യമായി ജനങ്ങളുടെ വിരൽത്തുമ്പിൽ എത്തിക്കാൻ സർക്കാരിന് സാധിച്ചിട്ടുണ്ട്.

**(ഡി)** കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകി നിർമ്മാണം ആരംഭിച്ചതും നിലവിൽ വിവിധ ഘട്ടങ്ങളിൽ പൂർത്തിയാക്കാനുള്ളതുമായ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ ലഭ്യമാക്കുമോ?

**<u>മറുപടി:</u>** കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകി നിർമ്മാണം ആരംഭിച്ചതും നിലവിൽ വിവിധ ഘട്ടങ്ങളിൽ പൂർത്തിയാക്കാനുള്ളതുമായ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u>**

**<u>കഴിഞ്ഞ സർക്കാർ ഭരണാനുമതി നൽകി നിർമ്മാണം ആരംഭിച്ചതും നിലവിൽ വിവിധ ഘട്ടങ്ങളിൽ പൂർത്തിയാക്കാനുള്ളതുമായ സ്മാർട്ട് വില്ലേജ് ഓഫീസുകളുടെ മണ്ഡലാടിസ്ഥാനത്തിലുള്ള കണക്കുകൾ സംബന്ധിച്ച വിശദാംശങ്ങൾ</u>**

| ക്രമ നമ്പർ | മണ്ഡലം | എണ്ണം |
|---|---|---|
| 1 | കാസറഗോഡ് | 1 |
| 2 | കാഞ്ഞങ്ങാട് | 1 |
| 3 | തളിപ്പറമ്പ് | 2 |
| 4 | കൂത്തുപറമ്പ് | 1 |
| 5 | ഇരിക്കൂർ | 1 |
| 6 | പയ്യന്നൂർ | 1 |
| 7 | അഴീക്കോട് | 1 |
| 8 | ധർമ്മടം | 2 |
| 9 | പേരാവൂർ | 1 |
| 10 | മട്ടന്നൂർ | 1 |
| 11 | ബത്തേരി | 1 |
| 12 | മാനന്തവാടി | 1 |
| 13 | നാദാപുരം | 1 |
| 14 | വടകര | 1 |
| 15 | കുന്നമംഗലം | 1 |
| 16 | എലത്തൂർ | 1 |
| 17 | ബാലുശ്ശേരി | 1 |
| 18 | തിരുവമ്പാടി | 1 |
| 19 | ബേപ്പൂർ | 1 |
| 20 | കൊയിലാണ്ടി | 1 |
| 21 | തിരൂരങ്ങാടി | 1 |
| 22 | തിരൂർ | 2 |
| 23 | കൊണ്ടോട്ടി | 1 |
| 24 | ഷൊർണ്ണൂർ | 2 |
| 25 | പട്ടാമ്പി | 2 |
| 26 | മണ്ണാർക്കാട് | 3 |
| 27 | നെന്മാറ | 1 |
| 28 | ചിറ്റൂർ | 1 |

| | | |
|---|---|---|
| 29 | ആലത്തൂർ | 1 |
| 30 | കൊടുങ്ങല്ലൂർ | 1 |
| 31 | കുന്നംകുളം | 1 |
| 32 | മണലൂർ | 3 |
| 33 | വടക്കാഞ്ചേരി | 1 |
| 34 | കയ്പമംഗലം | 1 |
| 35 | ഇരിങ്ങാലക്കുട | 1 |
| 36 | നാട്ടിക | 2 |
| 37 | പുതുക്കാട് | 1 |
| 38 | ഒല്ലൂർ | 2 |
| 39 | എറണാകുളം | 1 |
| 40 | കൊച്ചി | 1 |
| 41 | പിറവം | 1 |
| 42 | തൃപ്പൂണിത്തുറ | 1 |
| 43 | അങ്കമാലി | 1 |
| 44 | പെരുമ്പാവൂർ | 1 |
| 45 | ഇടുക്കി | 1 |
| 46 | ദേവികുളം | 1 |
| 47 | ഉടുമ്പുംചോല | 1 |
| 48 | അരൂർ | 2 |
| 49 | അമ്പലപ്പുഴ | 2 |
| 50 | കുട്ടനാട് | 1 |
| 51 | ഹരിപ്പാട് | 2 |
| 52 | ചെങ്ങന്നൂർ | 2 |
| 53 | ഏറ്റുമാനൂർ | 1 |
| 54 | കോതമംഗലം | 1 |
| 55 | ആറന്മുള | 1 |
| 56 | തിരുവല്ല | 1 |
| 57 | പുനലൂർ | 1 |
| 58 | കരുനാഗപ്പള്ളി | 1 |
| 59 | ചടയമംഗലം | 1 |
| 60 | ചിറയിൻകീഴ് | 2 |
| 61 | നെടുമങ്ങാട് | 1 |
| 62 | നെയ്യാറ്റിൻകര | 1 |
| 63 | അരുവിക്കര | 1 |
| 64 | നേമം | 1 |
| 65 | വാമനപുരം | 1 |
| **ആകെ** | | 81 |